പത്രക്കുറിപ്പ്

# നഗരത്തിലെ കണ്ടയിൻമെന്റ് സോണുകളിൽ പോലീസിൻറെ കർശന പരിശോധനകൾ തുടരുന്നു.

## വിലക്ക് ലംഘനം: 48 പേർക്കെതിരെ കേസ്.

## മാസ്ക് ധരിക്കാത്ത 337 പേർക്കെതിരെ നടപടി.

## 67,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് നിലവിലുള്ള എല്ലാ കണ്ടെയ്ൻമെൻറ് സോണുകളിലേക്കും കടന്നുവരുന്ന റോഡുകൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് കർശന സുരക്ഷാ ക്രമീകരണങ്ങൾ തുടരുന്നതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൂടാതെ ഇന്നലെ (23.08.2020) സിറ്റി പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ്-19 സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാതെ വിലക്ക് ലംഘനം നടത്തിയ 48 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 337 പേരെ പിടി കൂടി 67,400/- രൂപ പിഴ ഈടാക്കുകയും ചെയ്തതായി കമ്മീഷണർ അറിയിച്ചു.

നഗരത്തിലെ കണ്ടയിൻമെന്റ് സോണുകളിൽ സിറ്റി പോലീസിൻറെ കർശന പരിശോധനകൾ തുടരുന്നു.

കണ്ടയിൻമെന്റ് സോണുകളിലേക്ക് പുറത്തുനിന്ന് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സർവ്വീസ് വിഭാഗത്തിൽ ഉള്ളവർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ശുചീകരണ തൊഴിലാളികൾക്കും മാത്രമേ പുറത്ത് പോകാൻ അനുവാദമുള്ളൂ. മറ്റുള്ള ഒരു

ഉദ്യോഗസ്ഥരെയും പുറത്ത് വിടുന്നതല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ള കടകൾ രാവിലെ 07.00 മുതൽ വൈകുന്നേരം 04.00 മണി വരെ മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനുമായി എൻട്രി-എക്സിറ്റ് പോയിന്റുകൾ ക്രമീകരിച്ചിട്ടുണ്ട്.

കോവിഡ് സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (23.08.2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 48 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 337 പേരിൽ നിന്നും 67,400/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 10 വാഹനങ്ങൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും നഗരപ്രദേശങ്ങളിലെ കണ്ടയിൻമെന്റ് സോണുകളിലും അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി

തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

23-08-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

23/08/2020

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM